# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*

No.23/PR/PIC/PHQ/18 Date : 06.02.2018

---

## കുപ്രചാരണങ്ങളിൽ കുടുങ്ങി നിയമം കൈയ്യിലെടുക്കരുത്.

കുട്ടികളെ തട്ടിക്കൊണ്ടുപോകുന്ന സംഘത്തിൽപ്പെട്ടവരാണെന്ന് സംശയിച്ച് അപരിചിതർ, വീടുകളിൽ കച്ചവടത്തിനെത്തുന്നവർ, ഭിക്ഷാടനത്തിനെത്തുന്നവർ, ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ടവർ തുടങ്ങിയവർക്കുനേരെ സംസ്ഥാനത്തിന്റെ ചില ഭാഗങ്ങളിൽ സംഘടിതമായ അതിക്രമങ്ങൾ നടക്കുന്നതായികാണുന്നു. കുട്ടികളെ തട്ടിക്കൊണ്ടുപോകുന്ന സംഘങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടെന്നും വീടുകളിൽ കറുത്ത സ്റ്റിക്കറുകളും മറ്റ് അടയാളങ്ങളും പതിപ്പിക്കുന്നതായും സാമൂഹിക മാധ്യമങ്ങളിലും മറ്റും വന്ന പ്രചാരണത്തെത്തുടർന്നാണ് ഈ സ്ഥിതി വിശേഷം ഉണ്ടായിരിക്കുന്നത്. വീടുകളിലെ ജനാലകളിലും വാതിലുകളിലും കറുത്ത സ്റ്റിക്കറുകൾ കാണുന്നതായുള്ള പരാതികളിൽ പോലീസ് സമഗ്രമായ അന്വേഷണം നടത്തി വരുകയാണ്. ഫോറൻസിക് പരിശോധന ഉൾപ്പെടെ നടത്തിയ അന്വേഷണത്തിൽ ഇത്തരത്തിൽ ക്രിമിനൽ സംഘങ്ങൾ ഇതിന് പുറകിലുള്ളതായി യാതൊരു തെളിവും ലഭിച്ചിട്ടില്ല എങ്കിലും അത്തരം പരാതികളെത്തുടർന്ന് സംസ്ഥാനത്താകെ പോലീസ് ജാഗ്രത പാലിക്കുന്നുണ്ട്. ആശങ്കപ്പെടേണ്ട ഒരു സാഹചര്യവും സംസ്ഥാനത്തില്ല. ഇതുസംബന്ധിച്ച് സംശയങ്ങളും ആശങ്കകളുമുള്ളവർ പോലീസിനെ ബന്ധപ്പെടുകയാണ് വേണ്ടത്. അതിന് പകരം സംശയത്തിന്റെ പേരിൽ ആളുകളെ തടയുന്നതും മർദ്ദിക്കുന്നതുമെല്ലാം നിയമവിരുദ്ധമാണ്. മേൽപ്പറഞ്ഞപ്രകാരം കുട്ടികൾക്കെതിരേയും മറ്റും നിയമ വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ ലഭിക്കുന്ന വിവരങ്ങൾ ഉടനടി പരിശോധിച്ച് കർശന നടപടി സ്വീകരിക്കാൻ ജില്ലാ പോലീസ് മേധാവിമാർക്കും ക്രമ സമാധാനചുമതലയുള്ള പോലീസ് ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അതോടൊപ്പംതന്നെ സാമൂഹിക മാധ്യമങ്ങൾ വഴി ഭീതി പരത്തുന്ന സന്ദേശങ്ങൾ വസ്തുത പരിശോധിക്കാതെ പ്രചരിപ്പിക്കുന്നവർക്കെതിരെയും ശക്തമായ നടപടി സ്വീകരിക്കുമെന്ന് സംസ്ഥാന പോലീസ് മേധാവി വ്യക്തമാക്കിയിട്ടുണ്ട്.

********